31-12-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.    Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-31/12/2022.

1. കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം കഴിഞ്ഞ ആറ് വർഷങ്ങളിലായി ആഘോഷിച്ചുവരുന്ന വയനാടിന്റെ അന്താരാഷ്ട്ര പുഷ്പമേള **പൂപ്പൊലി 2023** എന്ന പേരിൽ നടത്തുന്നു. 2023 ജനുവരി 1 മുതൽ 15 വരെ നടത്തുന്ന പൂപ്പൊലി 2023 - ന്റെ ഉദ്ഘാടനം നാളെ (2023 ജനുവരി 1) വൈകിട്ട് 3.3.0-ന് വനം, വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിക്കും. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ മുഖ്യാതിഥി ആയിരിക്കും. ആയിരത്തിൽപ്പരം ഇനങ്ങളോടു കൂടിയ റോസ് ഗാർഡൻ, ഡാലിയ ഗാർഡൻ, വിശാലമായ ഗ്ലാഡിയോലസ് തോട്ടം, തായ്‌ലാൻഡിൽ നിന്നും ഇറക്കുമതി ചെയ്ത ഓർക്കിഡുകൾ, നെതർലാൻഡിൽ നിന്നുള്ള ലിലിയം ഇനങ്ങൾ തുടങ്ങിയവയുടെ വർണ്ണ വിസ്മയമാണ് ഈ പുഷ്പോത്സവത്തിൽ ഒരുക്കിയിരിക്കുന്നത്.

2. സംസ്ഥാന ക്ഷീരകർഷക സംഗമം 2023 ഫെബ്രുവരി രണ്ടാംവാരം തൃശൂരിൽ നടത്തുന്നു. ഇതിനോടനുബന്ധിച്ചുള്ള സ്വാഗതസംഘം രൂപീകരണയോഗം ഇന്ന് (31.12.2022) രാവിലെ 10 മണുക്ക് തൃശൂർ ചെമ്പൂക്കാവ് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് വിളംബരജാഥ, കർഷക സംഗമം, സെമിനാറുകൾ, കന്നുകാലി പ്രദർശനം, കലാസാംസ്കാരിക സമ്മേളനം, മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട ഉത്പാദന-വിപണന സാധ്യതകളെ മനസ്സിലാക്കാൻ കഴിയുന്ന എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്.

3. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി 25 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിന്റെ പുതിയ പതിപ്പായ

www.aimsnew.kerala.gov.in വഴിയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2023 ജനുവരി 4 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിൽ നടത്തുന്ന കൃഷിദർശൻ പരിപാടിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ കർഷകർക്കാണ് പരാതികൾ സമർപ്പിക്കുവാൻ സാധിക്കുന്നത്.

4. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. റാബി 2022-ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ഇന്നു കൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ് (31/12/2022).

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒന്നര മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ വിൽപ്പന

ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈ ആയ കേരശ്രീയുടെ വലിയ തൈകൾ ഒന്നിന് 250 രൂപ നിരക്കിൽ (മൊത്തം 400 എണ്ണം) വിൽപ്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ് " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2023 ജനുവരി 9** ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 8 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ജനുവരി 9** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

8. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2023 ജനുവരി 04-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. ക്യാബേജ്, കോളിഫ്ളവർ എന്നിവയിൽ ഇലത്തീനി പുഴുവിന്റെ ആക്രമണം ഉണ്ടായാൽ ആരംഭ ഘട്ടത്തിൽ തന്നെ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട, പുഴു, പ്യൂപ്പ എന്നിവയോട് കൂടിത്തന്നെ നശിപ്പിച്ചു കളയുക. കൂടാതെ വേപ്പിൻകുരു സത്ത് 5% തയ്യാറാക്കി തളിച്ചു കൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ രണ്ട് മില്ലി ഫ്ളൂബെൻറ്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന് തോതിലോ അല്ലെങ്കിൽ ക്ളോറാൻട്രാനിലിപ്രോൾ മൂന്നു മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന് തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം